Email-rrsmoncompu@kau.in
ഫോൺ 0477 2702245

**കേരള കാർഷിക സർവ്വകലാശാല**

നെല്ല് ഗവേഷണകേന്ദ്രം, മങ്കൊമ്പ്, തെക്കേക്കര പി.ഒ.

ആലപ്പുഴ 688503

നംപർ: എ/718/15 തീയതി 10.06.2015

## വിജ്ഞാപനം

ഈ ഗവേഷണ കേന്ദ്രത്തിലെ 'ഐഡന്റിഫിക്കേഷൻസ് ഓഫ് ലോക്കൽ സ്ട്രെയിൻസ് ഫ്രം കുട്ടനാട് ഫോർ മഷ്റൂം പ്രൊഡക്ഷൻ ആൻഡ് അഗ്രോ വേസ്റ്റ് കംപോസ്റ്റിങ്ങ്' എന്ന പ്രൊജക്ടിലേക്ക് ഒരു ജൂനിയർ റിസർച്ച് ഫെല്ലോയെ വാക്ക്-ഇൻ-ഇന്റർവ്യു മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. മൂന്ന് വർഷമാണ് പ്രൊജക്ടിന്റെ കാലാവധി.

| | |
|---|---|
| തസ്തിക | : ജൂനിയർ റിസർച്ച് ഫെല്ലോ (1 ഒഴിവ്) |
| വിദ്യാഭ്യാസ യോഗ്യത | : എം.എസ്.സി ബോട്ടണിയും NET ഉം അല്ലെങ്കിൽ എം.എസ്.സി. മൈക്രോബയോളജിയും NET ഉം അല്ലെങ്കിൽ എം.എസ്.സി. അഗ്രിക്കൾച്ചർ (പ്ലാന്റ് പാത്തോളജി) |
| പ്രവർത്തിപരിചയം | : സമാന തസ്തികയിലുള്ള പരിചയം |
| അഭിലഷണീയ യോഗ്യത | : കംപ്യൂട്ടർപരിജ്ഞാനം |
| വേതനം | : ആദ്യത്തെ രണ്ടുവർഷം പ്രതിമാസം 25000 യും HRAയും മൂന്നാമത്തെ വർഷം പ്രതിമാസം 28000 രൂപയും HRA യും |
| പ്രായം | : 20–36 |

### വ്യവസ്ഥകളും നിബന്ധനകളും

വാക്ക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കേറ്റുകളും ഓരോ പകർപ്പുകളും സഹിതം 27.06.2015ന് രാവിലെ 9.30ന് മുമ്പായി മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. ഉദ്യോഗാർത്ഥികൾ 01/01/1979 നു ശേഷം ജനിച്ചവർ ആയിരിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും നിയമപ്രകാരമുള്ള വയസ്സിളവ് ഉണ്ടായിരിക്കുന്നതാണ്.

1. ഉദ്യോഗാർത്ഥികൾ www.kau.edu എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിജ്ഞാപനത്തിനൊപ്പം അനുബന്ധം- 1 ആയി കൊടുത്തിരിക്കുന്ന പേഴ്സണൽ ഡാറ്റാ ഷീറ്റും പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്.
2. കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ ഇന്റർവ്യൂവിനു മുൻപായി എഴുത്തുപരീക്ഷ ഉണ്ടായിരിക്കുന്നതാണ്. എഴുത്തു പരീക്ഷയിൽ നിശ്ചിത മാർക്ക് ലഭിക്കുന്നവരെ മാത്രമായിരിക്കും ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുക
3. ഇന്റർവ്യൂവിനു മുമ്പായി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതാണ്. വിജ്ഞാപനത്തിൽ നിഷ്കർഷിച്ച യോഗ്യതയുള്ളവരെ മാത്രമേ ടെസ്റ്റ്/ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.
4. നിയമനം പ്രൊജക്ട് കാലാവധി തീരുന്നതുവരെ മാത്രമായിരിക്കും. നിയമിക്കപ്പെടുന്നവർക്ക് അതാതു തസ്തികകളുടെ ശമ്പളത്തിനൊഴികെ സർവ്വകലാശാലയിൽ മറ്റൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.
5. കേരള സർക്കാരിന്റെ നിലവിലുള്ള സംവരണ തത്വങ്ങൾ ഈ നിയമനങ്ങൾക്കും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് 0477-2702245 എന്ന നമ്പരിൽ ബന്ധപ്പെടുക.

KERALA AGRICULTURAL UNIVERSITY
MONCOMPU
THEKKEKARA P.O.
Pin- 688 503
RICE RESEARCH STATION

ഒപ്പ്/-
പ്രൊഫസർ & ഹെഡ്

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്:

ഡയറക്ടർ CITI, KAU/ P.R.O, KAU/ പബ്ലിക് റിലേഷൻസ് ഓഫീസർ, ആലപ്പുഴ/ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/താലൂക്ക് ഓഫീസ്, കുട്ടനാട്/ വില്ലേജ് ഓഫീസ്, ചമ്പക്കുളം/ കൃഷിഭവൻ, ചമ്പക്കുളം/